File No.SJD/1028/2020-C1

15 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/1028/2020-സി1 തിരുവനന്തപുരം,
തീയതി. 08/01/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് - തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - അപാകതകൾ പരിഹരിച്ച അപേക്ഷകൾ - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സ.ഉ.(സാധാ) നം. 322/2014/സാ.നീ.വ തീയതി 08/05/2014
2. സ.ഉ.(സാധാ) നം. 681/2017/സാ.നീ.വ തീയതി 15/10/2017
3. സ.ഉ.(സാധാ) നം. 611/2020/സാ.നീ.വ തീയതി 06/11/2020.
4. സാ.നീ.ഡയറക്ടറുടെ 24/11/2020, 25/11/2020 എന്നീ തീയതികളിലെ എസ്ജെഡി/1028/2020-സി1 നം. കത്തുകൾ.
5. നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 24/08/2020 - ലെ ഒപി 4-16/2020 നം. കത്ത്.

കുടുംബനാഥൻ ജയിലിൽ കഴിയുന്നത് മൂലം വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും , വനിതാ തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം പുതുക്കി നിശ്ചയിച്ചുകൊണ്ട് മേൽ പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയത് പോലെ 2020-21 സാമ്പത്തിക വർഷത്തിൽ തുടർന്നും നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരവും സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ പരാമർശിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ , ജയിൽ തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നതിനായി നെട്ടുകാൽത്തേരി, ചീമേനി എന്നീ ജയിൽ സൂപ്രണ്ടുമാർ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷകളിൽ , അപാകതകൾ ഉള്ളതിനാൽ ധനസഹായം അനുവദിക്കുവാൻ കഴിയാതിരുന്നവയുടെ വിശദാംശങ്ങൾ പരാമർശം (4) ലൂടെ നെട്ടുകാൽത്തേരി, ചീമേനി എന്നീ ജയിൽ സൂപ്രണ്ടുമാരെ അറിയിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിൽ, നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാരായ ശ്രീ. സുധീർ എൻ, ശ്രീ. ജയകുമാർ, ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാരനായ ശ്രീ . അബൂബക്കർ സിദ്ദിഖ് എന്നിവർ അപേക്ഷകളിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഈ കാര്യാലയത്തിൽ ഹാജരാക്കിയിട്ടുണ്ട്. കൂടാതെ പരാമർശം (5) പ്രകാരം പൂജപ്പുര

സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ നിന്നും ലഭിച്ച അപേക്ഷകളിൽ ശ്രീ. ബേബി ജോസഫ് എന്നയാളുടെ മകനായ സ്റ്റെബിൻ ബേബിയ്ക്കും ധനസഹായം അനുവദിയ്ക്കേണ്ടതായുണ്ട്.

ഈ സാഹചര്യത്തിൽ, ഡിഎംഎൽറ്റി കോഴ്സ് ചെയ്യുന്ന ജിൻസി കെ ജയന് (D/o. ജയകുമാർ) 10,000/- രൂപയും, അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ബെർസ ആറിന് (D/o. സുധീർ എൻ) 3000.00 രൂപയും, പ്ലസ് റ്റു വിദ്യാർത്ഥിയായ സ്റ്റെബിൻ ബേബിയ്ക്ക് (S/o. ബേബി ജോസഫ് ) 7500.00 രൂപയും, ബിരുദ വിദ്യാർത്ഥിനിയായ സൽമ പിയ്ക്ക് (D/o. അബൂബക്കർ സിദ്ദിഖ്) 10,000/- രൂപയും ധനസഹായത്തിന് അർഹതയുള്ളതായി കാണുന്നു. വിശദമായ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**FINANCIAL ASSISTANCE TO THE CHILDREN OF PRISONERS**

| Sl No. | Name & Address of Applicant | Name of Beneficiary | Class | Name of Bank & Branch | Bank Account Number | IFSC Code | Amount (Rs.) | Remarks |
|---|---|---|---|---|---|---|---|---|
| 1 | Jayakumar, Charuvila Puthenveedu, Kuttappu Amburi PO, Perumkidavila | Jincy K Jayan | DMLT | State Bank of India | 67221586608 | SBIN0070588 | 10000.00 | ധനസഹായം അനുവദിക്കാവുന്നതാണ്. |
| 2 | Sudheer N, Valiyavilakam, Madalvila, Perumathura PO, Tvpm | Bersa R | V | State Bank of India | 67364989944 | SBIN0070047 | 3000.00 | ധനസഹായം അനുവദിക്കാവുന്നതാണ്. |
| 3 | Baby Joseph, Kodiyam Kunnel, Poonchola PO, Mannarkkad, Palakkad | Stebin Baby | Plus Two | Union Bank | 402802010016574 | UBIN0540285 | 7500.00 | ധനസഹായം അനുവദിക്കാവുന്നതാണ്. |
| 4 | Aboobakkar Siddique P, Painingal (H), Thiruthummal, Iringapur PO, Thiroor, Malappuram | Salma P | BA. | SBI, Tirur | 33074404561 | SBIN0000262 | 10000.00 | ധനസഹായം അനുവദിക്കാവുന്നതാണ്. |
| **TOTAL** | | | | | | | **30500.00** | |

മേൽ വിവരിച്ച സാഹചര്യത്തിൽ , നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാരായ ശ്രീ. സുധീർ എൻ, ശ്രീ. ജയകുമാർ, ശ്രീ. ബേബി ജോസഫ്, ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ തടവുകാരനായ ശ്രീ. അബൂബക്കർ സിദ്ദിഖ് എന്നിവരുടെ മക്കൾക്കുള്ള 2020-21 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായമായി 30,500/- രൂപ ( മുപ്പതിനായിരത്തി അഞ്ഞൂറ് രൂപാ മാത്രം ) അനുവദിച്ചുഉത്തരവാകുന്നു. മേൽ തുകയായ 30,500/- രൂപ ( മുപ്പതിനായിരത്തി അഞ്ഞൂറ് രൂപാ മാത്രം ) മുകളിൽ കൊടുത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

File No.SJD/1028/2020-C1

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ

<u>പകർപ്പ് :</u>

1. സൂപ്രണ്ട്, എ/ബി/പ്ലാനിംഗ് സെക്ഷൻ
2. സൂപ്രണ്ട്, നെട്ടുകാൽത്തേരി/ചീമേനി
   സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്